
# ST.PHILOMENA'S ALPS MERIKKUNNU

## ACADEMIC MASTER PLAN

## 2025-26

# അഗ്നിദീപ്ത



# ആമുഖം

കേരളത്തിലെവിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവ് പകർന്നുകൊണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നേറുകയാണ്. ഓരോ കുട്ടിയും ലോകത്തെ നോക്കിക്കാണുന്നത് തന്റേതായ രീതിയിലാണ്. ഈ വ്യത്യാസം പഠന രീതിയിലും നമുക്ക് കാണാം .ഇങ്ങനെ ഓരോ പഠിതാവും വ്യത്യസ്തത പുലർത്തുന്ന ഒരു ക്ലാസ് മുറിയിൽ എങ്ങിനെയാണ് ഒരേ പഠനതന്ത്രം ഫലപ്രദമാക്കുക .അത് പരിഹരിക്കാൻ ആ ക്ലാസ്സിലെ അധ്യാപകർക്കല്ലാതെ മറ്റാർക്കാണു സാധിക്കുക ? ഇത്തരം തിരിച്ചറിവുകളും അധ്യാപകരുടെ മുൻകയ്യോടെയുള്ള അന്വേഷണങ്ങളും ആണ് ഈ പദ്ധതിയുടെ അന്തസത്ത.

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് .ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ അടക്കം വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുക വിദ്യാലയം തന്നെ ഒരു പാഠപുസ്തകം എന്ന സമീപനം നടപ്പിലാക്കുക. ജാതിമതവർണ്ണ ലിംഗ സാമ്പത്തിക പരിഗണനപ്പുറം ഉയർന്ന സ്വഭാവ മൂല്യമുള്ള ഒരു തലമുറയെ കളർ വളർത്തിയെടുക്കുന്നതിനും അവർക്ക് പൊതുവിദ്യാലയത്തിൽ നിന്നുതന്നെ നല്ല നിലവാരത്തിലുള്ള വിദ്യാഭ്യാസം നേടിയെടുക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

വെള്ളിമാടുകുന്ന് സെൻറ് ഫിലോമിനസ് എൽ.പി സ്കൂളിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.എസ് .ആർ . ജി , എസ് . എസ് . ജി പൂർവവിദ്യാർഥി സംഘടന തുടങ്ങിയവയുടെ സഹകരണത്തോടെ അക്കാദമിക് പ്രവർത്തനങ്ങളും മികച്ച രീതിയിൽ സംഘടിപ്പിക്കുന്നുണ്ട് . വരും വർഷങ്ങളിൽ സ്കൂളിൽ നടപ്പാക്കേണ്ട വിഷയാനുസൃതമായ പരിപാടികളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

പരിമിതമായ സാഹചര്യവും സമയവും ഉപയോഗപ്പെടുത്തിക്കൊണ്ട് അധ്യാപകർ നടത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ ക്രോഡീകരണവും സംഗ്രഹവുമാണിത് ഓരോ വിദ്യാർത്ഥിയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ മികവിലേക്കു യർത്താൻ സാധിച്ചാലേ വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം പൂർണമാകൂ

# ചരിത്രം

നിർമ്മല ഹോസ്പിറ്റലിനു കിഴക്കുവശം പതിനഞ്ചാം വാർഡിൽ 1943 സ്ഥാപിതമായ സെന്റ് ഫിലോമിനാസ് എൽ.പി. സ്കൂൾ 1942ൽ ഇറ്റാലിയൻ മിഷണറിയായ റവ : ഫാദർ ബെറേ റ്റ സ്ഥാപിച്ചതാണ് ഈ സ്കൂൾ പഴയ കെട്ടിടത്തിൽ ആയിരുന്നു അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത് ഏകദേശം 30 കൊല്ലത്തോളം അതേ കെട്ടിടത്തിൽ പ്രവർത്തിച്ചു.
പാവപ്പെട്ട വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയാണ് ഈ സ്ഥാപനം രൂപം കൊണ്ടത് കുട്ടികളെ അവിടെ തന്നെ നിർത്തി പഠിപ്പിക്കുകയായിരുന്നു . വയനാട്, കണ്ണൂർ എന്നീ ഭാഗങ്ങളിൽ നിന്നുള്ള പാവപ്പെട്ട കുട്ടികളെ താമസിച്ചു പഠിപ്പിച്ചിരുന്നു.പഴയ കെട്ടിടത്തിൽ തുടർന്ന് പ്രവർത്തിക്കാൻ പറ്റാതായപ്പോൾ പുതിയ കെട്ടിടം നിർമ്മിച്ചു . 1972 ഫെബ്രുവരി 19ന് പുതിയ കെട്ടിടത്തിലേക്ക് മാറാനുള്ള അനുവാദം കിട്ടി. അന്നത്തെ കോഴിക്കോട് ബിഷപ്പ് ബഹു ആൽദോ മരിയോ പത്രോണി ഉദ്ഘാടനം നിർവഹിച്ചു.
അന്നത്തെ വികാരിയായിരുന്ന റവ : ഫാദർ ജോർജ് .സി കാപ്പനാണ് പുതിയ കെട്ടിടം നിർമിച്ചത് .വളരെ ഉറപ്പും എല്ലാ സൗകര്യങ്ങളും ഉള്ളതാണ് ഈ കെട്ടിടം. കുട്ടികൾക്ക് പഠിക്കാനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഉണ്ട് . എന്നാൽ കാലം മാറിയതോടെ ആധുനിക സൗകര്യങ്ങളും കമ്പ്യൂട്ടർ വൽക്കരണവും ഈ കെട്ടിടത്തിൽ ഉൾക്കൊള്ളാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത് സ്കൂളിൽ പ്രീ പ്രൈമറി വിദ്യാർത്ഥികൾ അടക്കം 120 കുട്ടികളാണ് ഉള്ളത് എച്ച് .എം അടക്കം 5 പ്രൈമറി അധ്യാപകരും രണ്ട് പ്രീ പ്രൈമറി അധ്യാപകരും പാചക തൊഴിലാളി അടക്കം 8 പേരാണ് ഇപ്പോൾ ഇവിടെ സേവനം ചെയ്യുന്നത്.നാല് ടോയ്‌ലറ്റ് രണ്ട് യൂറിനൽസും കിച്ചണും ഉണ്ട് . കുടിവെള്ളം വാട്ടർ അതോറിറ്റിയുടേതാണ് . രണ്ടായിരത്തിലാണ് സ്കൂൾ വൈദ്യുതീകരിച്ചത് . പുതിയ ചുറ്റുമതിലും ഉണ്ടാക്കിയിട്ടുണ്ട്. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു എസ് . എസ് . ജിയും ഉണ്ട് .അവരുടെ സഹകരണം കൊണ്ടാണ് അടച്ചുപൂട്ടാൻ ഭീഷണി നേരിട്ട സ്കൂൾ ഇന്ന് ഈ നിലയിൽ പ്രവർത്തിക്കുന്നത് .പുളിയങ്കോട് കുന്ന്,മൂഴിക്കൽ , മാധ്യമം , ചെറുവറ്റ ,വാപ്പോളിത്താഴം എന്നീ പ്രദേശങ്ങളിലെ കുഞ്ഞുങ്ങൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു . കലാകായിക മത്സരങ്ങളിൽ സ്കൂൾ അതിൻറെ സാന്നിധ്യം അറിയിക്കുകയും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട് .സമൂഹത്തിലെ ഉദാരമനസ്കരായ വ്യക്തികളുടെ നിർലോഭമായ സഹായസഹകരണങ്ങൾ കിട്ടുന്നുണ്ട് . നാട്ടുകാരുടെയും എസ് എസ് ജി കമ്മിറ്റിയുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങളും സഹകരണവും കൊണ്ടാണ് ഈ സ്ഥാപനം ഇന്നത്തെ നിലയിൽ എത്തിപ്പെട്ടത് . ഇപ്പോഴത്തെ കോർപ്പറേറ്റ് മാനേജർ എം.എസ് ജി. റവ.ഫാ.ജൻസൻ പുത്തൻ വീട്ടിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ സെക്രട്ടറി സിസ്റ്റർ തെരസിൽഡ്കെ ജി അധ്യാപിക ഷൈബ എന്നിവരുടെ സഹകരണം വളരെയേറെ ബഹുമാനത്തോടെ സ്മരിക്കുന്നു. ഇപ്പോഴത്തെ അധ്യാപക രക്ഷാകർതൃ സമിതി പ്രസിഡണ്ട് ശ്രീ ആൻറണി മാത്യു രക്ഷാകർതൃ സമിതി പ്രസിഡണ്ട് ശ്രീമതി പ്രഷീല സ്കൂളിൻറെ വളർച്ചയ്ക്കായി എന്നും പ്രവർത്തിക്കുന്ന രക്ഷിതാക്കൾ സ്കൂളിലെ അധ്യാപകർ എന്നിവർക്ക് പ്രത്യേക കൃതജ്ഞത അറിയിച്ചുകൊണ്ടും സ്ഥാപനം ഇനിയും ഉയരങ്ങൾ കീഴടക്കട്ടെ എന്ന് ആഗ്രഹിച്ചു കൊണ്ടും പ്രാർത്ഥിച്ചു കൊണ്ടും നിർത്തുന്നു

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ഫലപ്ര പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

# സെന്റ്.ഫിലോമിനാസ് എ.എൽ .പി .സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല -മലയാളം

### പഠനപിന്നോക്കാവസ്ഥ

**പ്രവർത്തനം : 1**

**പേര് : പുസ്തകം എന്റെ ചങ്ങാതി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്കുമുന്നിൽ കുട്ടികൾക്കുപരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു . ലഘുവിവരണവും പ്രദർശിപ്പിക്കുന്നു . | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകങ്ങൾ ) | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര് : എന്റെ പിറന്നാൾ പുസ്തകം**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാക്ലാസ്സിലും ക്ലാസ്സ്ലൈബ്രറി ലഭ്യമാക്കുന്നു . "പിറന്നാൾ പുസ്തകം" പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരുദിനം ഒരുകുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം (വായനകോർണർ )

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനകോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി .എ | |

പ്രവർത്തനം : 6

പേര് : ക്ലാസ്സ്തല കയ്യെഴുത്തു മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനകോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 7

പേര് : ക്ലാസ് തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്സ്തല പതിപ്പുകൾ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെഎല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 8

പേര് : എന്റെ വായനകുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രപ്തരാക്കുക | വായിച്ചപുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ, (ചെറിയക്ലാസ്സിൽ വായനക്കാർഡ് ) | ജൂൺ മുതൽ മാർച്ച് വരെഎല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 9**

**പേര് : കയ്യെഴുത്തുമാഗസിൻ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കു സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൾ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 10**

**പേര് : രചനോത്സവം**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ് | |

**പ്രവർത്തനം : 11**

**പേര് : സർഗ്ഗവേള**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രപ്തരാക്കുക | വായിച്ചപുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ,അവതരിപ്പിക്കൽ (ചെറിയക്ലാസ്സിൽ വായനക്കാർഡ്) | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വെള്ളിയാഴ്ച്ചയും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 12**

**പേര് : ആശയാവതരണ രീതിയിലൂടെ സചിത്രപാഠങ്ങൾ രൂപീകരിക്കുക**

**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രപ്തരാക്കുക | വായിച്ചപുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ,അവതരിപ്പിക്കൽ (ചെറിയക്ലാസ്സിൽ വായനക്കാർഡ്) | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വെള്ളിയാഴ്ച്ചയും | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കു അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസ്സംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം : 2**

**പേര് : ഇംഗ്ലീഷ് ഡയറി**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തേയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കു അവസരം നൽകൽ | ഓരോ ദിവസവും ഏതെങ്കിലും വിഷയത്തെക്കുറിച്ചു ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക | ഓരോ ദിവസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : വായനക്കാർഡ് നിർമ്മാണം**

**ഉപമേഖല : വായനാസാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കു കുട്ടികളെ പ്രാപ്തരാക്കുക | ഇംഗ്ലീഷ് റീഡിങ്കാർഡ് ഡിജിറ്റലായി നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം : 5**

**പേര് : വായനക്കാർഡ് നിർമ്മാണം**

**ഉപമേഖല : അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ഷീറ്റുകൾ തയ്യാറാക്കുന്നു .അധ്യാപകരുടെ നേതൃത്വം | ജൂലൈ | ഇംഗ്ലീഷ് ക്ലബ് | |

# പരിസരപഠനം

**പ്രവർത്തനം : 1**

**പേര് : ശാസ്ത്ര പഠനോപകാരണശില്പശാല**

**ഉപമേഖല : ലബ്ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | ഓരോ ക്ലാസ്സിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധംശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര് : എന്റെപരീക്ഷണം (കുറിപ്പുതയ്യാറാക്കൽ ) നാലാം ക്ലാസ്**

**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക ,ശാസ്ത്രാവബോധം , ശാസ്ത്രമനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതരത്തിൽ പരീഷണകുറിപ്പ്തയാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : ശാസ്ത്ര പഠനോപകാരണശില്പശാല**

**ഉപമേഖല : ലബ്ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധം പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ ശേഖരിച്ച പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# ഗണിതം

**പ്രവർത്തനം : 1**

**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**

**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | , | 4000 |

**പ്രവർത്തനം : 2**

**പേര് : ഗണിതലാബ് (ഗണിതമധുരം)**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് ക്ലാസിൽ സജ്ജമാക്കൽ | | | |

**പ്രവർത്തനം : 3**

**പേര് : ഗണിതമൂല**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി. ടി. എ.

ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# അറബിക്

**പ്രവർത്തനം : 1**
**പേര് : ലോക ഭാഷ -അറബി ഭാഷ**
**ഉപമേഖല : അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : അറബി വായനോത്സവം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ മാർച്ച | അറബി ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : അറബി രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ മാർച്ച് | അറബി ടീച്ചർ | 2000 |